# സ്കൂൾതല

# അക്കാദമിക

# മാസ്റ്റർപ്ലാൻ 2025-26

ജി.എം.എൽ.പി.എസ്. ചാപ്പനങ്ങാടി

## ആമുഖം

അനുദിനം മാറിക്കൊണ്ടിരിക്കുന്ന ഈ ലോകത്ത് സജീവമായി ഇടപെട്ട് ജീവിതാവശ്യമായ ശേഷികളും ധാരണകളും, മനോഭാവങ്ങളും രൂപീകരിച്ച് സമൂഹത്തെ മുന്നോട്ട് നയിക്കാൻ വ്യക്തികളെ പ്രാപ്തരാക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. വ്യക്തികളുടെ വികസനത്തിലൂടെ സാമൂഹിക പുരോഗതിയാണ് ലക്ഷ്യം വെക്കുന്നത്. വികസനോന്മുഖമായ ഒരു സമൂഹനിർമ്മിതിക്ക് ഉതകുന്ന വിധത്തിൽ വിദ്യാഭ്യാസ പ്രക്രിയയെ രൂപകൽപ്പന ചെയ്യേണ്ടതുണ്ട്. മികച്ചതും സുസ്ഥിരവുമായ ഭാവി കൈവരിക്കുന്നതിനായ് 2015 ൽ U.N സുസ്ഥിര വികസനത്തിന്റെ 17 സൂചികകൾ സൂചിപ്പിക്കുകയും ചെയ്തു. ദാരിദ്ര്യമില്ലായ്മ, വിശപ്പുരഹിതം, നല്ല ആരോഗ്യവും ക്ഷേമവും, ഗുണനിലവാരമുള്ള വിദ്യാഭ്യാസം, ലിംഗസമത്വം അടങ്ങിയ 17 സൂചികകളിൽ 4-ാമതായി പറഞ്ഞിരിക്കുന്ന ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നത് മറ്റെല്ലാത്തിന്റെയും അടിസ്ഥാനമായി വർത്തിക്കുന്നു. എല്ലാവരെയും ഉൾക്കൊള്ളുന്നതും തുല്യതയുള്ളതുമായ ഗുണനിലവാരമുള്ള വിദ്യാഭ്യാസം ഉറപ്പാക്കുകയും എല്ലാവർക്കും ആജീവനാന്ത-പഠനാവസരങ്ങൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

## ലക്ഷ്യങ്ങൾ

* ഓരോ വിദ്യാർത്ഥിക്കും വിദ്യാലയാന്തരീക്ഷവും, പഠന പ്രവർത്തനവും ഒരേയളവും ആസ്വാദ്യമാക്കുന്നു.
* വിദ്യാലയങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* കുട്ടികൾക്ക് ക്ലാസ് മുറിയിലെ പഠനപ്രവർത്തനങ്ങൾക്ക് പുറമേ കലാകായിക പ്രവൃത്തി പരിചയ പഠനപ്രവർ-ത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുന്നു.
* സുസ്ഥിര വികസന കാഴ്ചപ്പാടിലൂന്നി വിദ്യാലയത്തിലെ വിഭവങ്ങൾ വിദ്യാർത്ഥി സൗഹൃദമായി രൂപകൽപന ചെയ്യു-കയും സമൂഹത്തിന് പ്രയോജനകരമാക്കുകയും ചെയ്യുന്നു.
* ഓരോ അധ്യാപികയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുനർനിർമ്മിക്കുകയും പ്രവർത്തനം ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്യുന്നു.
* വിദ്യാർത്ഥികൾ തമ്മിലും, വിദ്യാർത്ഥികളും അധ്യാപകരും തമ്മിലും, അധ്യാപകർ തമ്മിലും, അധ്യാപകരും സമൂഹവും തമ്മിലും ഊഷ്മളമായ ബന്ധങ്ങൾ ഉണ്ടാക്കാനുതകുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.
* ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ വികാസം സാധ്യമാകുന്ന പ്രവർത്തനങ്ങൾ ചെയ്യുന്നു.
* പാർശ്വവൽക്കരിക്കപ്പെട്ടതും പ്രത്യേക പരിഗണന അർഹി-ക്കുന്നതുമായ കുട്ടികളുടെ അക്കാദമിക ഗുണനിലവാരം

# അക്കാദമിക ഭൗതിക നേട്ടങ്ങൾ-പരിമിതികൾ

## നേട്ടങ്ങൾ

- കുട്ടികൾക്ക് എല്ലാ പിന്തുണയും നൽകുന്ന മികവാർന്ന അധ്യാപകർ
- പുതിയ ക്ലാസ്മുറികൾക്ക് വേണ്ടി നിർമ്മാണം നടന്നു കൊണ്ടിരിക്കുന്ന ഇരുനില കെട്ടിടം.
- പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർക്ക് വ്യക്തിഗത സപ്പോർട്ട്.
- സർഗാത്മക വേദികൾ, ആശയപ്രകടന വേദികൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നു.
- പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ എന്നിവ മികവുറ്റ രീതിയിൽ നടത്തുന്നു.
- കാർഷിക പ്രവർത്തികളിൽ കുട്ടികൾക്ക് പങ്കെടുക്കാൻ അവസരം.
- ജൈവ വൈവിധ്യ അന്തരീക്ഷം.
- വ്യത്യസ്തമാർന്ന പുസ്തകങ്ങളുടെ വിപുലമായ ശേഖരണം.

## പരിമിതികൾ

- മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിതശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.
- പുസ്തകങ്ങളുടെ വിപുലമായ ശേഖരണമുണ്ടെങ്കിലും ലൈബ്രറി പ്രവർത്തിക്കാനുള്ള മുറി ഇല്ല.
- പൊതുവിജ്ഞാനമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ.
- IED കുട്ടികളുടെ പഠന പിന്തുണാ സംവിധാനം കൂടുതൽ മെച്ചപ്പെടേണ്ടതുണ്ട്.
- സ്കൂൾ ഗ്രൗണ്ടിന്റെ അഭാവം.
- മതിയായ ക്ലാസ്മുറികളുടെ അഭാവം.
- കമ്പ്യൂട്ടർ ലാബിന്റെ അഭാവം.
- എല്ലാ ക്ലാസുകളിലും ICT സാധ്യത പ്രയോജനപ്പെടുത്താനുള്ള സംവിധാനം ഇല്ല.

# അക്കാദമിക മാസ്റ്റർ പ്ലാൻ

ഒന്നാം ക്ലാസ്.

# ആമുഖം.

സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം ലക്ഷ്യമിട്ടുകൊണ്ട് ഒന്നാം ക്ലാസിലെത്തുന്ന ഓരോ കുട്ടിയുടെയും സർവതോന്മുഖമായ വികാസത്തിന് ഉതകുന്ന വിധം പരിഷ്കരിക്കുകയും ഈ വർഷം വീണ്ടും കുറവുകൾ നികത്തി മെച്ചപ്പെടുത്തുകയും ചെയ്ത പാഠപുസ്തകത്തോടൊപ്പം കുട്ടികൾക്ക് കിട്ടേണ്ടുന്ന പഠന ശേഷികളെയും പരിഗണിച്ച് ഒരു വർഷകാലത്തേക്കുള്ള പ്രവർത്തന പദ്ധതികളാണ് അക്കാദമിക മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നത്. പ്രാദേശികമായും ക്ലാസിന്റെ പ്രത്യേകതകൾ കണക്കിലെടുത്തും ആവശ്യമായ കൂട്ടിച്ചേർക്കലുകളും മാറ്റങ്ങളും ഓരോ വർഷവും നടത്തുന്നത് പഠന പ്രവർത്തനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുവാൻ സഹായിക്കുന്നു.

ഭാഷ, ഗണിതം, ഇംഗ്ലീഷ് എന്നീ പ്രധാന വിഷയങ്ങളോടൊപ്പം കായികക്ഷമത, സർഗശേഷികൾ, പരിസരപഠനം തുടങ്ങിയ മറ്റു വിവിധ മേഖലകൾ കൂടി ഉൾപ്പെടുത്തി ഗുണനിലവാരത്തെ കൂടി ഉൾച്ചേർത്തിട്ടാണ് ഈ വർഷത്തെ പഠനപ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നത്. പ്രവർത്തനങ്ങൾ കാര്യക്ഷമമായി ചെയ്തുതീർക്കാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു. ഓരോ കുട്ടിക്കും നേടിയെടുക്കേണ്ട സമഗ്രവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം സാധ്യമാക്കാൻ ഈ പ്രവർത്തന പദ്ധതികളിലൂടെ സാധ്യമാകുമെന്ന് വിശ്വസിക്കുന്നു.

## മലയാളം

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ/കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുമെന്ന് ഉറപ്പു വരുത്തുക.
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ, അവ നവമാധ്യമങ്ങളിൽ പങ്കിടൽ.
- ലളിതമായ വായനകാർഡുകൾ നിർമിക്കുന്നു, വായിക്കുന്നു.
- തിയറ്റർ സാധ്യതകൾ വായന ക്ലോക്കുകൾ എന്നിവ ഉപയോഗിച്ച് വായനയിലേക്ക് കുട്ടികളെ ആകർഷിക്കുന്നു.
- ലിപികൾ നിരീക്ഷിച്ച് മറ്റുള്ളവരുടെ സഹായത്തോടെ ലഘു കവിതകൾ, ചെറുകഥകൾ എഴുതുന്നു. വായിക്കുന്നു.
- കുട്ടികൾ തങ്ങളുടെ ആശയങ്ങൾ പങ്കിട്ട് ചെറുകഥാ പുസ്തകം രൂപപ്പെടുത്തുന്നു.
- പാട്ടരങ്ങ്, റീഡേഴ്സ് തിയറ്റർ എന്നിവയിൽ ഏർപ്പെടുന്നു.
- നിർമാണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുന്നു.
- സംയുക്ത ഡയറി എഴുതുന്നു.
- കഥാവേളകളിൽ സജീവമായി പങ്കെടുക്കുന്നു.

## ജൂൺ

പ്രവർത്തനങ്ങൾ.

- ചിത്രകാർഡുകൾ, വായനാകാർഡുകൾ നിർമ്മാണം.
- കഥാവേള ഒരുക്കൽ - ചെറിയ ബാലസാഹിത്യ കൃതികൾ രക്ഷിതാവിന്റെ സഹായത്തോടെ കുട്ടി വായിക്കുന്നു. കേട്ട കഥ ക്ലാസിൽ അവതരിപ്പിക്കുന്നു.
- പാട്ടരങ്ങ്: ചെറിയ ചെറിയ വായ്ത്താരികളോടെ പാട്ടുകൾ ആംഗ്യഭാവത്തിൽ ക്ലാസിൽ ചൊല്ലുന്നു. കുട്ടികൾ താളബോധത്തോടെ ഏറ്റു ചൊല്ലുന്നു.

## ജൂലൈ

- class PTA യിൽ സംയുക്ത ഡയറി രക്ഷിതാക്കളെ പരിചയപ്പെടുത്തുന്നു. ചെറുവാക്യങ്ങളിൽ ഡയറി എഴുതുന്നു.
- കുട്ടിക്ക് കഥ പറയാൻ അവസരം കൊടുക്കുന്നു.
- വായനാമൂല class library തയ്യാറാക്കൽ
- പുസ്തകങ്ങൾ തൊട്ടുനോക്കാനും വായിക്കാനും അവസരം നൽകുന്നു.
- കഥകൾ കേൾക്കാൻ അവസരം നൽകുന്നു.
- പാട്ടരങ്ങ്: കുഞ്ഞുപാട്ടുകൾ പാടുന്നു.
- തിരിച്ചറിയുന്നതിലൂടെയും വായിച്ചും അക്ഷരങ്ങൾ ഓരോന്നായി ഉറപ്പിക്കുന്നു.
- ചിത്രവായനക്ക് അവസരം ഒരുക്കുന്നു. വായിച്ചവ പറയാനും അവസരം ഒരുക്കുന്നു.
- വിവിധ കളികളിലേർപ്പെടുന്നു.
- കുഞ്ഞുകുഞ്ഞു പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു.

## ആഗസ്റ്റ്

- പാഠഭാഗ പ്രവർത്തനങ്ങൾ നടത്തുന്നു.
- സംയുക്ത ഡയറി എഴുതാൻ തുടങ്ങുന്നു.
- പാഠപുസ്തകത്തിലെ രചനകൾ ഭാവാത്മകമായി അവതരിപ്പിക്കുന്നു.
- പ്രതിദിന വായനകാർഡുകൾ വായനകാർഡുകൾ (ചിത്ര) തുടങ്ങിയവ വായിക്കാൻ ഉപയോഗപ്പെടുത്തുന്നു.
- ഭാഷാത്മക വായനയിലേക്ക് കുട്ടികളെ നയിക്കുന്നു.
- അനുഭവപാഠങ്ങളിലൂടെ വ്യവഹാര രൂപങ്ങളിൽ പരിചയപ്പെടുന്നു.

## സെപ്റ്റംബർ

- സംയുക്ത ഡയറി മെച്ചപ്പെടുത്താൻ അവസരം ഒരുക്കുന്നു. ഇനിയും തുടരുന്നു.
- സ്വതന്ത്ര രചനകൾ പ്രോത്സാഹിപ്പിക്കുന്നതിന് അവസരം നൽകുന്നു.
- കുട്ടികളെ സ്വതന്ത്ര വായനക്കാരും രചയിതാക്കളും ആക്കി മാറ്റുന്നു
- വിവിധ കളിപ്പാട്ടങ്ങളുടെ നിർമ്മാണ പ്രവർത്തനം നടത്തുന്നു.
- പാട്ടുകൾ. കഥ, പഴഞ്ചൊല്ല് എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള അവതരണം നടത്തുന്നു.

## ഒക്ടോബർ

- വായനോത്സവം സംഘടിപ്പിക്കുന്നു. ആസ്വാദ്യകരമായ വായന നടക്കുന്നു.
- ചിത്രവായനക്ക് അവസരം നൽകുന്നു.
- രചനോത്സവത്തിന്റെ ഭാഗമായി കുട്ടികളുടെ സ്വന്തം രചനകൾ പ്രദർശിപ്പിക്കുന്നു.
- ഭാഷാ പ്രവർത്തനങ്ങൾ സമഗ്രവും സജീവവുമാകുന്നു
- ദിനനിലവാരക്കാരെ പരിഗണിച്ച് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു.
- റീഡേഴ്സ് തിയേറ്റർ സംഘടിപ്പിക്കുന്നു.
- പാട്ടരങ്ങ് തുടരുന്നു.

## നവംബർ

- സംയുക്ത ഡയറി എഴുത്ത് കൂടുതൽ മെച്ചപ്പെടുത്തി സ്വതന്ത്ര രചയിതാക്കൾ ആകുന്നു.
- കൂട്ടവായന, നാട്ടുവായന, വീട്ടുവായന ചിത്രവായന എന്നിവയെ പ്രോത്സാഹിപ്പിച്ചുകൊണ്ട് വായനോത്സവം നടക്കുന്നു.
- രചനോത്സവം തുടരുന്നു
- ചിത്രവായനക്ക് അവസരം ഒരുക്കൽ
- താളാത്മകമായി കവിതകൾ ചൊല്ലൽ.
- ക്ലാസ് പിടിഎ കൂട്ടപ്പെടുന്നു.

## ഡിസംബർ

- ഓരോ പ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകകരവുമാകുന്നു
- രചനാ ശേഷി പരിപോഷിപ്പിക്കൽ
- ഓരോ ദിന പ്രവർത്തനങ്ങൾ/അനുഭവങ്ങൾ ഉൾപ്പെടുത്തി ഡയറിയിൽ എഴുതുന്നു.
- ചെറു കവിതകൾ, കഥകൾ എന്നിവ എഴുതാൻ ശ്രമിക്കുന്നു
- കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും കഴിയുന്നു.
- സ്വായത്തമാക്കിയ വാക്കുകൾ ഉപയോഗിച്ച് ആശയം ചോർന്നു പോകാതെ എഴുതാൻ കഴിവ് നേടി രചന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സംയുക്ത ഡയറി മെച്ചപ്പെടുത്തുന്നു.

## ജനുവരി.

- ചെറു രചനാ ശിൽപശാലകൾ നടത്തുന്നു
- ലൈബ്രറി സാധ്യതകൾ, വായനക്കൂട്ടങ്ങൾ എന്നിവ ഉപയോഗിച്ച് കുട്ടികളെ സ്വതന്ത്ര വായനക്കാരാക്കുന്നു.
- കുട്ടികൾ എഴുതിയ ചെറു കവിതകൾ കഥകൾ എന്നിവ പ്രകാശനം ചെയ്യുന്നു.
- സംയുക്ത ഡയറിയിലെ മികച്ച എഴുത്തുകൾ portfolio യിൽ സൂക്ഷിക്കുന്നു.
- സ്വതന്ത്ര രചനകൾ പതിപ്പാക്കുന്നു.

## ഫെബ്രുവരി

- ഭാഷോത്സവം, പഠനോത്സവം എന്നീ ഭാഷാ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പാക്കുന്നു.
- കുട്ടികളുടെ രചനകൾ മാഗസിൻ ആക്കുന്നു.
- ആശയപൂർണതയോടെ സർഗ്ഗ രചനകൾ നടക്കുന്നു.
- കുട്ടികളുടെ മികവുകൾ സമൂഹത്തിനു മുന്നിൽ അവതരിപ്പിക്കുന്നു.

## മാർച്ച്.

- പഠനോത്സവത്തിന്റെ ഭാഗമായി നടത്തിയ രചനകൾ പുസ്തകരൂപത്തിൽ ആക്കുന്നു.
- പഠനോത്സവം നടക്കുന്നു. ജനപങ്കാളിത്തം ഉറപ്പ് വരുത്തുന്നു.
- ഓരോ കുട്ടിക്കും തന്റെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയ സ്വന്തം പതിപ്പുകൾ തയ്യാറാകുന്നു.

# objectives and learning outcomes

- Respond to simple instructions in the classroom
- Describe orally about the pictures and objects
- Familiarise with simple words
- Enjoy songs and sings them with Rhythm and action
- Familiarise the names of birds, animals their young ones and identifies them from pictures

## JUNE

- Introduce symbol words
- provides picture cards
- one word one day

## JULY

- Identify familiar words
- say familiar words
- Read familiar words
- write familiar words

## AUGUST

- Enjoy songs and sings them with Rhythm and action
- Describe orally about pictures and objects

## SEPTEMBER

- Read and write simple words and simple sentences
- provides picture cards and reading cards

## OCTOBER

- Introduce symbol picture description
- Make word chain, sentence chain
- Make riddles
- Describing words, rhyming words
- Text book activities

## NOVEMBER

- Prepare reading cards
- provide more opportunities to read, wright and speak English
- Write 5 English words daily

## DECEMBER

- Read and understand simple instructions in the classroom
- Encourage digital reading

## JANUARY

- Enjoy songs and sings them with Rhythm and action
- Make picture album
- Collect pictures of animals and its young ones

## FEBRUARY

provide the opportunity to express myself in the classroom

English assembly once in a week

## MARCH

speaks English fluently

Read and write simple sentences

picture reading and picture description

# ഗണിതം

## ലക്ഷ്യങ്ങൾ

- 1 മുതൽ 5 വരെയുള്ള സംഖ്യകൾ എണ്ണുന്നു എടുക്കുന്നു
- 5 വരെയുള്ള എണ്ണത്തെ പകുതി തുല്യം ആക്കുന്നതൽ എണ്ണങ്ങളെ വിശദീകരിക്കുന്നു.
- 5 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു.
- ഒറ്റ സംഖ്യകൾ എണ്ണിയെടുക്കുന്നു എഴുതുന്നു
- സംഖ്യകളെ ആരോഹണ അവരോഹണ ക്രമത്തിൽ എടുക്കുന്നു
- രണ്ട് ഒറ്റ സംഖ്യകളുടെ സങ്കലനം
- രണ്ട് ഒറ്റ സംഖ്യകളുടെ വ്യവകലനം
- ഒറ്റ സംഖ്യകളുടെ വ്യാഖ്യാനം
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എണ്ണുകയും എടുക്കുകയും വായിക്കുകയും ചെയ്യുന്നു.
- ഒറ്റ സംഖ്യാപാറ്റേൺ രൂപീകരിക്കൽ
- ഒറ്റ സംഖ്യയും ഇരട്ട സംഖ്യയും ഉൾപ്പെടുന്ന ലളിതമായ ഗണിത പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുന്നു.

## ആശയങ്ങൾ

- സംഖ്യകൾ തിരിച്ചറിയുന്നു പറയുന്നു
- സംഖ്യാ കാർഡ് നിർമ്മിക്കൽ
- ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുത്തുന്നു

## ജൂലൈ

- ഗണിത പഠനത്തിന് സഹായകമായ ഗണിത വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു
- സംഖ്യാ കാർഡ് തയ്യാറാക്കുന്നു

## ഓഗസ്റ്റ്

- 1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു
- കൂടുതൽ കുറവ് തിരിച്ചറിയുന്നു
- ഗണിത കിറ്റിലെ സാധനങ്ങൾ ഉപയോഗിച്ച് ഗണിത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു

## സെപ്റ്റംബർ

- സംഖ്യാ ഗാനങ്ങൾ തയ്യാറാക്കൽ
- ഒരക്ക സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തൽ
- ഒരക്ക സംഖ്യകൾ തമ്മിൽ വ്യവകലനക്രിയകൾ നടത്തൽ
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും എന്ന തിരിച്ചറിവ്
- സംഖ്യാ ഗാനങ്ങൾ ആലപിക്കൽ

## ഒക്ടോബർ

- ഒറ്റ സംഖ്യ, ഇരട്ട സംഖ്യ തിരിച്ചറിയൽ
- ഒന്നിടവിട്ട സംഖ്യകളാണ് ഒറ്റസംഖ്യ ഇരട്ട സംഖ്യ എന്ന തിരിച്ചറിവ്
- വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ
- ഉല്ലാസ ഗണിത പ്രവർത്തനങ്ങൾ

## നവംബർ

- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള സങ്കലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## ഡിസംബർ

- സംഖ്യകൾ ആരോഹണ അവരോഹണ ക്രമത്തിൽ എഴുതൽ

## ജനുവരി

- ഒരക്ക സംഖ്യയും രണ്ടക്ക സംഖ്യയും തമ്മിലുള്ള വ്യവകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.
- സങ്കലനം വ്യവകലനം ചിഹ്നങ്ങൾ തിരിച്ചറിയുന്നു.
- 1 മുതൽ 10 വരെയുള്ള സംഖ്യകളെ വ്യാഖ്യാനിക്കുന്നു

## ഫെബ്രുവരി

- Price Tag പരിചയപ്പെടുത്തുന്നു
- Price Tag നോക്കി വിവിധ വസ്തുക്കളുടെ വിലകൾ കണ്ടെത്തി പഠിപ്പെടുത്തുന്നു
- സ്വന്തമായി നിർമ്മിച്ച സാധനങ്ങൾക്ക് price tag ഒട്ടിക്കുന്നു
- പ്രശ്ന വിശകലന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

## മാർച്ച്

- ഗണിതാശയവുമായി ബന്ധപ്പെട്ട വർക്ക് ഷീറ്റുകൾ നൽകുന്നു
- ലളിതമായ ഗണിത കളികളിൽ ഏർപ്പെടുന്നു
- ഉല്ലാസ ഗണിതം പ്രവർത്തനങ്ങൾ
- സംഖ്യകളുടെ പകുതി തുല്യം എന്നിവ തിരിച്ചറി

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## രണ്ടാം ക്ലാസ്

# ആമുഖം

ജി. എം. എൽ. പി. ചാപ്പനങ്ങാടി സ്കൂളിൽ 2025-26 അധ്യയന വർഷം 65 കുട്ടികൾ രണ്ടാം ക്ലാസിൽ പഠിക്കുന്നു. ഒന്നിൽ നിന്നും രണ്ടിലേക്ക് വന്ന മുഴുവൻ കുട്ടികൾക്കും ഉയർന്ന പഠന നിലവാരം ഉറപ്പാക്കേണ്ടതുണ്ട്. ഇതിനായി ആസൂത്രിതമായ പരിപാടികൾ ആവശ്യമാണ്.

എഴുത്ത്, വായന, ചിഹ്നങ്ങൾ ചേർക്കൽ, സങ്കലനം, വ്യവകലനം, പരീക്ഷണം, നിരീക്ഷണം തുടങ്ങി എല്ലാ മേഖലകളിലുമുള്ള നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം മാനസികവും ശാരീരികവും വൈകാരികവുമായ നേട്ടങ്ങൾ കുട്ടി കൈവരിക്കാൻ വേണ്ടിയുള്ള ഇടപെടൽ അധ്യാപകരുടേയും രക്ഷിതാക്കളുടേയും ഭാഗത്തു നിന്ന് ലഭിക്കത്ത വിധമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ ലക്ഷ്യം വെക്കുന്നത്.

അധ്യാപകർക്ക് ക്ലാസ്മുറിയിൽ മികച്ച അധ്യാപനാനുഭവങ്ങൾ സൃഷ്ടിക്കാൻ വഴി ഒരുക്കുന്നതിനോടൊപ്പം കുട്ടികളിലെ വിവിധ കഴിവുകൾ തിരിച്ചറിയാനും ആ ഗുണങ്ങൾ വളർത്താനും ഈ പ്ലാൻ സഹായകമാകുന്നു.

# പ്രവർത്തന ലക്ഷ്യങ്ങൾ

- വാചകങ്ങൾ സ്വതന്ത്രമായി വായിക്കുക.
- ചെറിയ കഥകൾ, കവിതകൾ മനസ്സിലാക്കുക.
- ലഘു വാക്യങ്ങൾ എഴുതാൻ ശ്രമിക്കുക.
- എല്ലാ കുട്ടികളും സ്വന്തമായി സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ പറഞ്ഞും എഴുതിയും ആശയങ്ങൾ പങ്കിടാനുള്ള കഴിവ് നേടുക.
- ലളിതമായ ഇംഗ്ലീഷ് വാക്കുകൾ, വാക്യങ്ങൾ കേട്ട് മനസ്സിലാക്കുക.
- ഇംഗ്ലീഷിൽ ലളിതമായ വാക്കുകളും വാക്യങ്ങളും പറയാനും വായിക്കാനും എഴുതാനുമുള്ള ശേഷി നേടുക.
- ഇംഗ്ലീഷ് അക്ഷരമാല, ശബ്ദങ്ങൾ തിരിച്ചറിയുക.
- 100 വരെയുള്ള സംഖ്യകൾ ഉൾപ്പെടുന്ന ലളിത ഗണിത പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള കഴിവ് നേടുക.
  ചുറ്റുമുള്ള വസ്തുക്കൾ നിരീക്ഷിച്ച് വിവിധ രൂപങ്ങൾ തിരിച്ചറിയുന്നതിനുള്ള ശേഷി നേടുക.
- Money (coins & note) തിരിച്ചറിയുക.
- വിവിധതരം ജലസ്രോതസുകളെ കുറിച്ച് മനസിലാക്കുക.
- സ്വന്തം നാടിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി പോരാടിയ

മഹാന്മാരെ പരിചയപ്പെടൽ (നെഹ്റു, ഗാന്ധിജി)

- ആരോഗ്യകരമായ ആഹാരസാധനങ്ങളെ കുറിച്ച് മനസിലാക്കൽ.
- കുട്ടിയുടെ ശാരീരികവും മാനസികവും വൈകാരികവുമായ വികാസവും ക്ഷമതയും ഉറപ്പാക്കുക.

## പ്രവർത്തന പദ്ധതി

| | | |
|---|---|---|
| ജൂൺ | മലയാളം | ⇒ പൊതുകാര്യങ്ങൾ<br>⇒ പിന്തുണ ലഭ്യമാക്കുന്നതിനുള്ള മുന്നൊരുക്കം സൃഷ്ടിക്കൽ.<br>⇒ മഴ ചിത്രം നിറം നൽകൽ<br>⇒ കുട വരച്ച് നിറം നൽകൽ<br>പേപ്പർ ഉപയോഗിച്ച് കുട നിർമ്മിക്കൽ<br>⇒ പാട്ടരങ്ങ് (ജൂൺ - മാർച്ച്)<br>⇒ സംയുക്ത ഡയറി (ജൂൺ - മാർച്ച്)<br>⇒ വായനോത്സവം (ജൂൺ - മാർച്ച്)<br>⇒ CPTA |
| | ഗണിതം. | ⇒ മുന്നൊരുക്ക പ്രവർത്തനങ്ങൾ<br>⇒ രൂപങ്ങളെ താരതമ്യം ചെയ്യുന്നു. (വട്ടം, ചതുരം, ത്രികോണം)<br>⇒ ചിത്രം വരയ്ക്കാം, നിറം നൽകാം.<br>⇒ (work sheet) ചിലിയും പൂച്ചയും.<br>⇒ പലഹാരക്കടയിൽ<br>⇒ ഗണിത കേളികൾ (ജൂൺ - മാർച്ച്) |

| | | |
|---|---|---|
| | English | → To develop listening skill.<br>→ Make the paper ant and paste it.<br>→ Sing the song.<br>→ Engage in colouring activities. |
| ജൂലൈ | മലയാളം | → ക്ലാസ് ലൈബ്രറി തയ്യാറാക്കൽ.<br>→ വാക്യഘടന പാലിച്ച് ലഘുവാക്യങ്ങൾ എഴുതൽ.<br>→ മുങ്ങുമോ പൊങ്ങുമോ (ഊഹിച്ച് എഴുതൽ)<br>→ വരികൾ കൂട്ടിച്ചേർക്കാം.<br>→ റീഡേഴ്സ് തിയേറ്റർ (ജൂലൈ - മാർച്ച്)<br>→ രചനോത്സവം (ജൂലൈ - മാർച്ച്) |
| | ഗണിതം | → രൂപങ്ങൾ വരക്കാം<br>→ Work sheet<br>→ 50 വരെയുള്ള സംഖ്യകൾ രൂപീകരിക്കൽ, അക്കത്തിലും അക്ഷരത്തിലും എഴുതൽ<br>→ സ്ഥാനവില അനുസരിച്ച് എഴുതൽ. |
| | English | → Colouring the picture.<br>→ Describe ants and butterfly.<br>→ Complete conversation.<br>→ Making small sentences about himself and family. |
| ഓഗസ്റ്റ് | മലയാളം. | → ക്ലാസ് പത്രം - (ഓഗസ്റ്റ് മുതൽ മാസം ഓരോന്ന് വീതം)<br>→ നെഹ്റു തൊപ്പി നിർമ്മാണം<br>→ ദേശീയ പതാക നിറം നൽകൽ.<br>→ സ്വാതന്ത്ര്യ സമര സേനാനികളെ [illegible] |

| | | |
|---|---|---|
| | ഗണിതം | ⇒ 200 വരെയുള്ള സംഖ്യകൾ രൂപീകരിക്കൽ, വായിക്കൽ<br>⇒ ചെറുത്, വലുത് കണ്ടെത്തൽ. |
| | English. | ⇒ Colouring the picture.<br>⇒ Read simple stories.<br>⇒ Draw and describe.<br>⇒ Simple language games. |
| സെപ്തംബർ | മലയാളം | ⇒ കവിതയിലെ ആശയം മനസിലാക്കി എഴുതൽ<br>⇒ താളം ഇട്ടുകൊണ്ട് വരികൾ കൂട്ടിച്ചേർക്കൽ<br>⇒ ശുചിത്വത്തിന്റെ പ്രാധാന്യം<br>⇒ പിറന്നാൾ -ഗ്രീറ്റിംഗ് കാർഡ് നിർമ്മാണം.<br>⇒ ~~CPTA~~ |
| | ഗണിതം | ⇒ നാണയങ്ങൾ, നോട്ടുകൾ തിരിച്ചറിയൽ.<br>⇒ പണമിടപാടുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യൽ. (സങ്കലനം, വ്യവകലനം)<br>⇒ രൂപയുടെ ചിഹ്നം പരിചയപ്പെടൽ (₹) |
| | English. | ⇒ Picture reading.<br>⇒ Add more lines.<br>⇒ Puzzle. |
| ഒക്ടോബർ. | മലയാളം. | ⇒ കഥ വായിച്ച് അഭിനയിക്കൽ.<br>⇒ ചിത്രം നോക്കി കഥ/വിവരണം പറയൽ, എഴുതൽ.<br>⇒ രുചികളെ കുറിച്ച് പറയൽ, എഴുതൽ.<br>⇒ കടങ്കഥ (ഭക്ഷണം)<br>⇒ രുചിമേള. |

| | | |
|---|---|---|
| | ഗണിതം | ⇒ രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. (സങ്കലനം, വ്യവകലനം)<br>⇒ സംഖ്യാ വ്യാഖ്യാനം. |
| | English. | ⇒ Listening story and arrange the story events.<br>⇒ Making small descriptions. |
| നവംബർ. | മലയാളം | ⇒ വരികൾ കൂട്ടിച്ചേർത്ത് പാടൽ<br>⇒ ആഹാര വസ്തുക്കൾ തരംതിരിക്കൽ<br>⇒ ആഹാര വസ്തുക്കളും ചേരുവകളും.<br>⇒ ഇഷ്ടപ്പെട്ട കാര്യങ്ങളെ കുറിച്ച് സ്വതന്ത്രമായി എഴുതൽ. |
| | ഗണിതം | ⇒ സ്ഥാന വില അനുസരിച്ച് സംഖ്യകളെ ചേർത്തെഴുതൽ<br>⇒ സംഖ്യാ പാറ്റേൺ. |
| | English. | ⇒ Making small sentences.<br>⇒ Picture description.<br>⇒ Complete conversation. |
| ഡിസംബർ. | മലയാളം | ⇒ CPTA<br>⇒ പേപ്പർ ഉപയോഗിച്ച് വീട് നിർമ്മിക്കൽ.<br>⇒ വിവിധ തരം വീടുകൾ പരിചയപ്പെടൽ<br>⇒ വരികൾ കൂട്ടിച്ചേർത്ത് പാടൽ<br>⇒ ക്ഷണക്കത്ത്<br>⇒ തൊഴിൽ- വീട് നിർമ്മാണം |
| | ഗണിതം | ⇒ സംഖ്യാമാല<br>⇒ ഡൊമിനോസ് കാർഡുകൾ ഉപയോഗിച്ചുള്ള കളികൾ<br>⇒ സങ്കലനം - രണ്ട് രണ്ടക്ക സംഖ്യകൾ |

| | | |
|---|---|---|
| | | ⇒ വില വിവരപ്പട്ടിക ആസ്പദമാക്കി നോക്കി ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തൽ. |
| | English | ⇒ Make paper lanter<br>⇒ Identify thu name of birds.<br>⇒ Simple language games. |

G.M.L.P.S CHAPPANANGADI

# അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

## ക്ലാസ് 3

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## III - ഗണിതം

കൗതുകങ്ങളും കുസൃതികളും മാന്ത്രികവിദ്യകളും അടങ്ങിയതാണ് ഗണിതശാസ്ത്രം. കളികളിലൂടെ കാര്യം പറഞ്ഞ് കണക്കിന്റെ വിസ്മയലോകത്തേക്ക് നയിക്കുകയാണ് മൂന്നാം ക്ലാസിലെ ഗണിത പഠനം. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിവിധ പ്രവർത്തനങ്ങൾ പാഠഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗണിതശാസ്ത്രത്തെ ശാസ്ത്രങ്ങളുടെ റാണി എന്നാണല്ലോ വിശേഷിപ്പിക്കുന്നത്. നിത്യജീവിതത്തിൽ ഗണിതശാസ്ത്രത്തിന് ഒഴിച്ചുകൂടാൻ പറ്റാത്ത സ്ഥാനമാണുള്ളത്. യുക്തിചിന്ത, വിശകലനാത്മകചിന്ത, പ്രശ്നപരിഹാരണം തുടങ്ങിയ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യാനുമുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. ഗണിതപരമായ എല്ലാ പ്രാഥമിക ധാരണകളും കുട്ടികൾ നേടാൻ ഉതകുന്ന തരത്തിലുള്ള ഒരു പാഠ്യപദ്ധതിയാണ് മൂന്നാം തരം പഠനത്തിൽ രൂപപ്പെടുത്തേണ്ടത്.

# നാട്ടു കളിയിലെ കളിരേഖകൾ
## പതിനാല - III

### പ്രാഥമിക ഗണിത പഠന ലക്ഷ്യങ്ങൾ

- വിവിധ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുന്നതിനുള്ള അവസരം നൽകുക
- സംഖ്യാബോധം കൈവരിച്ച് സംഖ്യകളെ വ്യാഖ്യാനം ചെയ്യുന്നതിന് കഴിയുക
- ചതുഷ്ക്രിയകൾ പരിചയപ്പെടുന്നതിനും സൂക്ഷ്മമായി ചെയ്യുന്നതിനുമുള്ള അവസരം നൽകുക
- വിവിധതരം അളവുകളെ പരിചയപ്പെടുക.
- സർഗാത്മക ചിന്ത, യുക്തിചിന്ത തുടങ്ങിയവ വളർത്തുന്നതിനുള്ള അവസരം നൽകുക.

### പഠന പ്രവർത്തനങ്ങളും ലക്ഷ്യങ്ങളും

★ **പഠനലക്ഷ്യം** :-

നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ കളികൾ എന്നിവയുടെ ഭാഗമായി ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയുന്നു.

**പഠനപ്രവർത്തനങ്ങൾ**

- ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ
- തോരണം നിർമാണം.
- ആശംസാ കാർഡ് നിർമാണം.
- ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവച്ച് ഇഷ്ടമുള്ള രൂപങ്ങൾ നിർമിക്കുന്നു.

കാലയളവ് :- ജൂൺ.

- സംഖ്യാ സൂര്യൻ

  മൂന്നക്ക സംഖ്യകളെ വ്യത്യസ്തരീതിയിൽ വ്യാഖ്യാനിച്ച് എഴുതുന്നു

- അബാക്കസ് നിർമ്മാണം

കാലയളവ് :- ജൂൺ - സെപ്തംബർ

★ പഠനലക്ഷ്യം :-

പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ.

പഠനപ്രവർത്തനങ്ങൾ

- സമയ ചക്രം
- കച്ചവടക്കണക്ക്
- ക്ലോക്ക് നിർമ്മാണം

കാലയളവ് :- ആഗസ്റ്റ് - സെപ്തംബർ

★ പഠനലക്ഷ്യം :-

മൂന്നാം തരത്തിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കൽ

പഠനപ്രവർത്തനങ്ങൾ

- സംഖ്യാ ചക്രം.
- ഭാഗ്യവാനെ കണ്ടെത്താം
- ജോഡി കണ്ടെത്താം
- ഗുണന വസ്തുത കാർഡ് നിർമ്മാണം

കാലയളവ് :- ജൂലൈ - ഫെബ്രുവരി

★ പാഠലക്ഷ്യം :-

മൂന്നാം തരത്തിൽ പഠിക്കുന്ന മുഴുവൻ കുട്ടികൾക്കും 1 മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ ഉറപ്പിക്കുക.

പാഠപ്രവർത്തനങ്ങൾ :-

- നറുക്കെടുക്കാം
  - നറുക്കെടുത്ത് കിട്ടിയ സംഖ്യകൾ കുട്ടികൾ വായിക്കുന്നു. മറ്റുള്ളവർ സംഖ്യ എഴുതുന്നു.
  - നറുക്കിലെ സംഖ്യക്ക് ശേഷം വരുന്ന 10 സംഖ്യകൾ പറയാനും എഴുതാനും അവസരം നൽകുന്നു.
- കളം നിറക്കാം
  - 1 മുതൽ 100 വരെയുള്ള സംഖ്യകളെ കളങ്ങളിൽ ക്രമീകരിക്കുക.
- പാറ്റേൺ പൂർത്തിയാക്കാം.
- സംഖ്യകളെ ആരോഹണ, അവരോഹണ ക്രമത്തിൽ എഴുതുക

കാലയളവ് :- ജൂൺ - സെപ്തംബർ

★ പാഠലക്ഷ്യം :-

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ.

പാഠപ്രവർത്തനങ്ങൾ :-

- കൂട്ടങ്ങളാക്കാം
  - സംഖ്യകളെ 1, 10, 100, 1000, 2000 ന്റെ കൂട്ടങ്ങളാക്കി മാറ്റാം.

# ENGLISH

In third standard we follow discourse based learning method. It should be process oriented involving debates and enquiry. We believe the content of language learning should be designed to support the learning objectives of a language class and provide learners with a variety of discourses, presentations and organic lessons that cater to their individual needs and abilities. Teacher's role in our classroom can be of a discourse facilitator by focusing on process - rather than product.

Aim:-

To speak, Read and write English in a goodway.

Annual Objectives:-

- To improve listening, speaking, reading and writing skills.
- To practice pronounciation and sentencestructure.
- To provide language experiences through discourses.
- Make them create small discources or compositions.

## Activities.

June and July.

- Pre test
- To check vocabulary and writing skills.

- Alphabets review
- Word web.
- Cooking video.
- Games
- Action songs, kitchen dance
- Stories.
- Cartoons
- Identify the action words & naming words from a picture.
- Make simple sentences.
- Classroom Conversations.

## August and September

- Book reading
- Find words
- Riddles, Conversations
- Add more lines.
- Drawing activities.
- Pronouns, Verbs.

## October and November

- Describing words
- Paragraph writing
- Description.

- Thought
- Story writing
- Diary
- Bird watching.

## December and January

- Creative speaking and writing activities.
- Conversation
- Roleplays
- Develops stories.
- Thoughts
- Diary.
- News paper reading.
- Puzzles.

## February and March

- Digital Magazine (from june - February)
- letter writing
- Comprehension.
- Creative writing.
- Exhibition.

അക്കാദമിക്

മാസ്റ്റർ പ്ലാൻ ക്ലാസ് 3

മലയാളം

GMLPS Chappanangadi 2025-26

അക്കാദമിക് മാസ്റ്റർ പ്ലാൻ . ക്ലാസ് 3

മലയാളം

## ഉദ്ദേശ്യം

വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും എഴുതാനും സംസാരിക്കാനും കഴിയേണ്ടതാണ്

## ലക്ഷ്യം

* ശബ്ദശേഖരം വർദ്ധിപ്പിക്കൽ
* എഴുത്ത്, വായന, സംസാരശേഷി വർദ്ധിപ്പിക്കൽ

[ജൂൺ- ജൂലൈ] പ്രവർത്തനങ്ങൾ

* പ്രീ ടെസ്റ്റ്
* കഥാവായന / ഭാവാത്മക വായന
* കഥ പറയൽ, കഥ കേൾക്കൽ
* I.C.T ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ
* ഭാഷാ കേളികൾ
* ആംഗ്യ പാട്ടുകൾ
* ചിത്ര വായന
* കടങ്കഥകൾ, പഴഞ്ചൊല്ല് ശേഖരണം, അവതരണം
* അനുഭവ വിവരണം
* ചിത്രത്തെക്കുറിച്ച് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുക
* ചിത്ര വിവരണം

## ആഗസ്റ്റ് - സെപ്തംബർ

ലക്ഷ്യം :-

സൃഷ്ടിപരമായ എഴുത്തും സംസാരവുമുള്ള വിദ്യാർത്ഥികളെ വികസിപ്പിക്കുക

വായന ശേഷി വികസിപ്പിക്കാൻ

* കഥാപുസ്തക വായന
* വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്താൻ
* പാഠപുസ്തകത്തിലെ പ്രവർത്തനങ്ങൾ

എഴുത്ത്

* വാക്കുകളുടെ ലിസ്റ്റ് നിർമ്മാണം
* ചിത്ര വിവരണം
* വാക്കുകളും വാക്യങ്ങളും നിർമ്മിക്കൽ
* ചോദ്യങ്ങൾ നിർമ്മിക്കുക
  ചോദ്യോത്തരപ്പയറ്റ്
* വരികൾ കൂട്ടിച്ചേർത്തെഴുതൽ

## ഒക്ടോബർ - നവംബർ

ലക്ഷ്യം

ആലോചനകളും വികാരങ്ങളും പ്രകടിപ്പിക്കാൻ കഴിയണം

വായനശേഷി :

* ലൈബ്രറി പുസ്തക വായന
* കഥ
* ണോൾട്ട്

ഡിസംബർ - ജനുവരി

പ്രവർത്തനങ്ങൾ

* ചിത്രം നൽകി വായനാകാർഡ് നിർമാണം
* പദചങ്ങല - പദങ്ങൾ ചേർത്ത് വാക്യമാക്കൽ
* ആദ്യാക്ഷരം അറിയാം. ചിഹ്നങ്ങൾ ചേർത്തുള്ള പ്രവർത്തനം
* ചിഹ്നങ്ങളും പദങ്ങളും നൽകിയ കാർഡ് നൽകി പദ നിർമാണം
* ചിത്രങ്ങളുടെ സഹായത്തോടെ അടിക്കുറിപ്പ് എഴുതൽ
* രക്ഷിതാക്കൾക്ക് കവിതാരചനാ മത്സരം.

തെരഞ്ഞെടുത്ത വായനാകാർഡ് ആക്കൽ

ഫെബ്രുവരി - മാർച്ച്

ലക്ഷ്യം

പഴഞ്ചൊല്ലുകളും നാട്ടുമൊഴിവഴക്കങ്ങളും സ്വന്തം ഭാഷാ പ്രയോഗത്തിൽ ഉചിതമായി ഉൾപ്പെടുത്താൻ കുട്ടികളെ പ്രാപ്തരാക്കുക

പ്രവർത്തനങ്ങൾ

* പഴഞ്ചൊൽ പെട്ടി: പഴഞ്ചൊല്ലുകൾ ശേഖരണം.
  പഴഞ്ചൊല്ലുകളിൽ അടങ്ങിയ ആശയാവിഷ്കാരം.
* ഒരു ദിനം ഒരു പഴഞ്ചൊല്ല്.
* പഴഞ്ചൊല്ലിലെ ആശയങ്ങൾ എഴുതൽ
* പഴഞ്ചൊൽ പെട്ടി - പതിപ്പ് നിർമാണം.

# പരിസരപഠനം

പ്രകൃതിയുമായി ബന്ധപ്പെട്ട നേരനുഭവവും നിരീക്ഷണവും വഴി കുട്ടികളിൽ കൗതുകം, ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ വളർത്തുക, ചുറ്റുപാടുകളുള്ള പ്രകൃതിയിലെ വൈവിധ്യവും പ്രക്രിയകളും മനസിലാക്കാനുള്ള അവസരമൊരുക്കുക, പരിസ്ഥിതിയുടെ മെച്ചപ്പെടുത്തൽ, സംരക്ഷണം എന്നിവയ്ക്ക് ആവശ്യമായ ധാരണകൾ, ശേഷികൾ, മൂല്യങ്ങൾ, മനോഭാവം എന്നിവ കുട്ടികൾ ആർജ്ജിക്കുവാൻ ലക്ഷ്യമിടുന്നു.

## ജൂൺ - ജൂലൈ

ലക്ഷ്യം:- സസ്യലോകത്തെ വൈവിധ്യം ആസ്വദിച്ച് സസ്യസംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.

പ്രവർത്തനങ്ങൾ

- ഞാനും എന്റെ ചെടിയും - പ്രവർത്തനറിപ്പോർട്ട് ഡോക്യുമെന്റേഷൻ
- ശേഖരണം - ഇലപതിപ്പ്
  പൂക്കൾ - ആൽബം.
- ഫീൽഡ് ട്രിപ്പ് - ജൈവവൈവിധ്യനിരീക്ഷണം
- ഹരിതകാർഡ് തയാറാക്കൽ
- പരീക്ഷണങ്ങൾ.

## ജൂലൈ - ആഗസ്റ്റ്

ലക്ഷ്യം : ജന്തുലോകത്തിന്റെ വൈവിധ്യം തിരിച്ചറിയുന്നതിന്

പ്രവർത്തനങ്ങൾ

- വിരൽചിത്രങ്ങൾ - പതിപ്പ്
- ജീവികൾ - ചിത്രപതിപ്പ്
- അക്ഷരചിത്രങ്ങൾ
- ഒറിഗാമി രൂപങ്ങൾ
- ചിത്രശലഭ ആൽബം

## ആഗസ്റ്റ് - സെപ്റ്റംബർ

ലക്ഷ്യം : ജലം, മണ്ണ് എന്നിവയുടെ സവിശേഷതകൾ, മലിനമാകുന്നരീതി, സംരക്ഷണത്തിനായുള്ള പ്രവർത്തനങ്ങൾ എന്നിവ മനസിലാക്കുന്നതിന്.

പ്രവർത്തനങ്ങൾ

- മഴയനുഭവങ്ങൾ
- മഴമാപിനി തയാറാക്കി മഴയളന്ന് പട്ടികപ്പെടുത്തുന്നു.
- പരീക്ഷണം
- മഴക്കുഴി, ജലക്ഷാമം - പത്രവാർത്ത ശേഖരണം

• കളിമൺരൂപ നിർമാണം.

## സെപ്റ്റംബർ - ഒക്ടോബർ

ലക്ഷ്യം:

കുട്ടികളിൽ വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ പരിശീലിപ്പിക്കുക

ശരിയായ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളിൽ പങ്കാളിയാവുക.

പ്രവർത്തനങ്ങൾ

- മൈമിംഗ്, റോൾപ്ലേ
- പാവനാടകം
- പോസ്റ്റർ തയാറാക്കൽ
- പരീക്ഷണം
- സർവേ
- മാലിന്യസംസ്കരണം
- നല്ലശീലം - പോസ്റ്റർ തയാറാക്കാം

## ഒക്ടോബർ - നവംബർ

ലക്ഷ്യം: ആരോഗ്യകരമായ ആഹാരശീലങ്ങൾ ആർജിക്കുക.

പ്രവർത്തനങ്ങൾ

- ചെറുധാന്യങ്ങളുടെ പ്രദർശനം
- ഭക്ഷ്യമേള
- കൃഷിയിടസന്ദർശനം.

• ആരോഗ്യകാർഡ് തയ്യാറാക്കൽ
• പോസ്റ്ററുകൾ
• നല്ല ആരോഗ്യശീലം - അറിയിപ്പുകൾ
• വ്യായാമം പരിശീലിക്കൽ
• പച്ചക്കറിത്തോട്ടം ഒരുക്കൽ

## നവംബർ - ഡിസംബർ

ലക്ഷ്യം :- • കളിയുടെ പ്രാധാന്യം മനസിലാക്കുന്നതിന്
• ശരിയായ രീതിയിൽ ട്രാഫിക് നിയമങ്ങൾ പാലിക്കുന്നതിന്
• കാലാവസ്ഥക്ക് ഇണങ്ങിയ വസ്ത്രങ്ങളാണ് ധരിക്കേണ്ടതെന്ന തിരിച്ചറിവ്
• പ്രഥമ ശുശ്രൂഷ
• സ്വയം സംരക്ഷണം.

## പ്രവർത്തനങ്ങൾ

• വിദഗ്ധരുടെ ക്ലാസ്
• ആരോഗ്യവിദഗ്ധരുമായി അഭിമുഖം.
• മൂകാഭിനയം.
• റോൾപ്ലേ - ട്രാഫിക്, പ്രഥമശുശ്രൂഷ
• പ്രഥമശുശ്രൂഷ പെട്ടി തയ്യാറാക്കൽ

## ജനുവരി - ഫെബ്രുവരി

ലക്ഷ്യം :- • ഭൂമിയുടെ പ്രത്യേകതകൾ
• രാത്രി, പകൽ ഉണ്ടാകുന്നത്
• നമ്മുടെ കേരളം, ഇന്ത്യ - പ്രത്യേകതകൾ

## പ്രവർത്തനങ്ങൾ

- പരീക്ഷണം
- ഭൂപട നിരീക്ഷണം
- പദപ്രശ്നം പൂർത്തിയാക്കൽ
- കേരളം - ജിഗ്സോ പസിൽ
- ഭൂപ്രകൃതി - മാതൃക തയാറാക്കൽ
- ഗ്ലോബ് നിർമിക്കൽ

## ഫെബ്രുവരി - മാർച്ച്

ലക്ഷ്യം :-

ജീവികൾക്ക് വാസസ്ഥലമുണ്ടെന്നും അവ പ്രകൃതിയുടെ ഭാഗമാണെന്നും മനസിലാക്കുന്നതിന്

പ്രവർത്തനങ്ങൾ

- പക്ഷിക്കൂടുകൾ തയാറാക്കൽ
- വ്യത്യസ്തതരം വീടുകൾ
- വീടുകളുടെ ചിത്രങ്ങൾ.
- പൊതുസ്ഥാപന സന്ദർശനം.
- പക്ഷിനിരീക്ഷണത്തിന് അവസരം.

# – അക്കാദമിക മാസ്റ്റർപ്ലാൻ –

# മലയാളം

## നാലാം തരം

ആമുഖം:-

നാലാം ക്ലാസിലെ വിദ്യാർത്ഥികൾക്ക് ഭാഷാശേഷികൾ സ്വായത്തമാക്കുന്നതിലൂടെ ഓരോരുത്തരുടേയും വ്യക്തിഗത കഴിവുകൾ കൂടി തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും നടപ്പിലാക്കുകയുമാണ് അക്കാദമിക മാസ്റ്റർപ്ലാൻ കൊണ്ട് ലക്ഷ്യമിടുന്നത്. ഈ അധ്യയനവർഷത്തിനുള്ളിൽ ഭാഷയിലും ഗണിതത്തിലും, പരിസരപഠനത്തിലും രസകരവും ആസ്വാദ്യകരവുമായ പഠനം ഉറപ്പാക്കുകയും ഓരോ കുട്ടിയുടെയും വ്യക്തിഗത കഴിവുകൾ തിരിച്ചറിഞ്ഞ് അവ പരിപോഷിപ്പിക്കുകയും ചെയ്യുന്നു.

ലക്ഷ്യങ്ങൾ:-

- കളികളിലൂടെയും പ്രവർത്തനങ്ങളിലൂടെയുമുള്ള പഠനം.
- സർഗാത്മകതയ്ക്കും സ്വയം പഠനത്തിനും പ്രാധാന്യം.
- സാമൂഹികവും പാരിസ്ഥിതികവുമായ അവബോധം വളർത്തൽ.
- സാങ്കേതികവിദ്യയുടെ ഫലപ്രദമായ ഉപയോഗം.
- കുടുംബത്തിന്റെയും സമൂഹത്തിന്റെയും പങ്കാളിത്തം ഉറപ്പാക്കുക.

| പ്രവർത്തനം | ലക്ഷ്യം | കാലം. |
|---|---|---|
| • ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | • ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ലക്ഷ്യം നേടുന്നവരെ. |
| • ആവശ്യമായ പഠനസാമഗ്രികൾ ഒരുക്കൽ. | | |
| • വായിക്കാം വളരാം | • വായനാശേഷി വളർത്തൽ | വർഷം മുഴുവൻ. |
| • ക്ലാസ് വായന, ക്ലാസ് ലൈബ്രറി ഒരുക്കൽ, പുസ്തക പരിചയം. | | |
| • വായനാക്കുറിപ്പ്. ആസ്വാദനക്കുറിപ്പ് | | |
| • എഴുതാം തെളിയാം | • എഴുത്ത് പരിപോഷിപ്പിക്കൽ. | പ്രതിമാസം. |
| • പാഠഭാഗങ്ങളിൽ നിന്ന് പഠനപ്രവർത്തനങ്ങളിൽ നിന്നും നേടിയ ശേഷികൾ എഴുത്തിലൂടെ പ്രകടിപ്പിക്കൽ. | | |
| • എഴുത്തുകാരുമായി സംവദിക്കൽ. | • ലേഖനശേഷി വർദ്ധിപ്പിക്കൽ, സാഹിത്യകാരന്മാരെ അടുത്തറിയൽ | ആവശ്യാനുസരണം |

| പ്രവർത്തനം | ലക്ഷ്യം | കാലം |
| --- | --- | --- |
| • കണ്ടറിയാം.. കേട്ടറിയാം.. | • അറിവ് ഡോക്യുമെന്ററിയിലൂടെ നേടൽ (ICT) | ആവശ്യാനുസരണം |
| • പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വീഡിയോകൾ സംഘടിപ്പിക്കൽ, പ്രദർശിപ്പിക്കൽ. | | |
| • രുചിച്ചറിയാം... | • നമ്മുടെ നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ. | വർഷത്തിലൊന്ന് |
| • ഭക്ഷ്യമേള:- പാചകക്കുറിപ്പടങ്ങിയ പതിപ്പ് നിർമ്മാണം, ക്ലാസിലൊരു സദ്യ. | | |
| • ഓർക്കാം - അഭിമാനിക്കാം. (സാഹിത്യകാരന്മാർ) സാഹിത്യകാരന്മാരുടെ ജന്മ-ചരമ ദിനാചരണങ്ങൾ സംഘടിപ്പിക്കൽ, ഡോക്യുമെന്ററി പ്രദർശനം, പുസ്തകപരിചയം, ക്വിസ്, ലഘുപ്രഭാഷണം, ജീവിതരേഖ തയ്യാറാക്കൽ, പതിപ്പ് നിർമ്മാണം, പ്രദർശനം | • സാഹിത്യകാരന്മാരെ അടുത്തറിയൽ, ഓർമ്മദിനങ്ങൾ ആചരിക്കൽ. | |

| പ്രവർത്തനം | ലക്ഷ്യം | കാലം. |
|---|---|---|
| • കലക്കൂട്ട്<br><br>• പ്രദേശവാസികളായ കലാകാരന്മാരുടെ സേവനം ക്ലാസ്മുറിയിലേക്ക്.<br><br>• ഭാഷാപഠനത്തിന്റെ ഭാഗമായി നേടിയ ശേഷികൾ ആത്മവിശ്വാസത്തോടെ അവതരിപ്പിക്കൽ/പ്രദർശനം. [സർഗോത്സവം, കലാവതരണം, കലാഉല്പന്നങ്ങൾ, ചമയങ്ങൾ പ്രദർശനം]<br><br>• കുട്ടികളുടെ സർഗ്ഗശേഷികളുടെ പ്രദർശനം. | • പാരമ്പര്യവുമായ ബന്ധപ്പെട്ട കലകൾ നേരിട്ടറിയൽ. | |

# ക്ലാസ്സ്തല അക്കാദമിക മാസ്റ്റർപ്ലാൻ '25-26

## ക്ലാസ്സ് 4    ഗണിതം

### ആമുഖം

ഗണിതം നിത്യജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. അറിഞ്ഞോ അറിയാതെയോ നാം ഗണിതത്തെ നിത്യജീവിതത്തിൽ ഉപയോഗപ്പെടുത്തുകയാണ് ചെയ്യുന്നത്. ഉണർന്നെഴുന്നേൽക്കുന്നത് മുതൽ ഓരോ പ്രവൃത്തി ചെയ്യുമ്പോഴും നാം ഗണിതത്തെ ആശ്രയിക്കുന്നുണ്ട്. അതുകൊണ്ട് നമ്മുടെ നിത്യജീവിതം സുഖപ്രദവും ഫലപ്രദവുമാക്കാൻ പ്രാഥമിക ഗണിത ധാരണകൾ കൈവരിക്കേണ്ടത് അത്യാവശ്യമാണ്.

നാലാം തരം പഠനത്തോട് കൂടി എല്ലാ കുട്ടികളും ഗണിതപരമായ എല്ലാ പ്രാഥമിക ധാരണകളും നേടിയെന്ന് ഉറപ്പാക്കേണ്ടതുണ്ട്. അത് സാധ്യമാകുന്ന തരത്തിൽ ഗണിതപാഠ്യപദ്ധതി രൂപപ്പെടുത്തേണ്ടത് ആവശ്യമാണ്.

### പ്രാഥമിക ഗണിത പഠന ലക്ഷ്യങ്ങൾ

* സംഖ്യാബോധം കൈവരിച്ച് സംഖ്യകളെ വ്യാഖ്യാനം ചെയ്യുന്നതിന് കഴിയുക.
* ചതുഷ്ക്രിയകൾ സൂക്ഷ്മമായും വേഗത്തിലും അർത്ഥപൂർണ്ണമായി നിർവ്വഹിക്കുക.
* നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കഴിയുക.
* വിവിധ തരം അളവുകൾ ഗ്രഹിക്കുന്നതിനും ഊഹിച്ചു പറയുന്നതിനും ശേഷി കൈവരിക്കുക.

* വിവിധ ജ്യാമിതീയ രൂപങ്ങൾ പരിചയപ്പെടുന്നതിനും അവയുടെ സവിശേഷതകൾ ചർച്ച ചെയ്യുന്നതിനും വരയ്ക്കുന്നതിനും പാറ്റേൺ രൂപീകരിക്കുന്നതിനും ആസ്വദിക്കുന്നതിനും അവസരം ഒരുക്കുക.
* വിവരങ്ങളെ വ്യാഖ്യാനിക്കുന്നതിനും പ്രതിരൂപാത്മകമായി ചിത്രീകരിക്കുന്നതിനുള്ള കഴിവ് നേടുക.
* സർഗാത്മക ചിന്തകൾ, കഴിവുകൾ, യുക്തിചിന്തകൾ എന്നിവ വളർത്തുന്നതിന് അവസരം നൽകുക.

പഠനപ്രവർത്തനങ്ങളും ലക്ഷ്യങ്ങളും.

ജൂൺ (Unit 1, Unit 2) [Part 1]

പ്രവർത്തനങ്ങൾ (

* ചതുരക്കാർഡ്, സമചതുരക്കാർഡ് എന്നിവ ഉപയോഗിച്ച് ചതുരവും സമചതുരവും വരയ്ക്കുന്നു.
* ക്യൂബ് നിർമ്മാണം.
* ടാൻഗ്രാം ഉപയോഗിച്ച് രൂപങ്ങൾ നിർമ്മിക്കുന്നു.
* നാലക്ക സംഖ്യ രൂപീകരണം.
* അബാക്കസ് ചിത്രീകരണം, നിർമ്മാണം.

ലക്ഷ്യങ്ങൾ

* ചുറ്റുപാടുമുള്ള വിവിധ രൂപങ്ങളിൽ നിന്ന് ചതുരം, സമചതുരം എന്നിവ തിരിച്ചറിയുന്നു.
* വശങ്ങൾ സ്കെയിൽ ഉപയോഗിച്ച് അളക്കുന്നു.
* നാലക്കസംഖ്യ അക്കത്തിലും അക്ഷരത്തിലും എഴുതുന്നു.
* ആരോഹണ അവരോഹണ ക്രമത്തിൽ എഴുതുന്നു.

## ജൂലൈ (Unit 2, Unit 3)

### പ്രവർത്തനങ്ങൾ

* നാലക്കസംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു.
* മൂന്നക്കസംഖ്യകളെയും നാലക്കസംഖ്യകളെയും വലിപ്പത്തിനനുസരിച്ച് ക്രമീകരിക്കുന്നു.
* അക്കങ്ങളുടെ തുക 10 വരുന്ന നാലക്കസംഖ്യ എഴുതുന്നു.

### ലക്ഷ്യങ്ങൾ

* ഒന്നുകളും പത്തുകളും നൂറുകളും ചേർത്ത് നാലക്കസംഖ്യ രൂപീകരിക്കാൻ കഴിയുന്നു.
* റോമൻ അക്കങ്ങൾ തിരിച്ചറിയുന്നു.

## ആഗസ്റ്റ് (Unit 3, Unit 4)

### പ്രവർത്തനങ്ങൾ

* 2, 3, 4 അക്കങ്ങൾ ഉപയോഗിച്ച് നാലക്ക സംഖ്യ രൂപീകരിക്കുന്നു.
* സംഖ്യാബന്ധം കണ്ടെത്തി പാറ്റേൺ പൂർത്തിയാക്കുന്നു.
* നാലക്കസംഖ്യകളെ സ്ഥാനവിലയനുസരിച്ച് പിരിച്ചെഴുതി സങ്കലനക്രിയ ചെയ്യുന്നു.

### ലക്ഷ്യങ്ങൾ

* നാലക്കസംഖ്യകളെ വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കുന്നു.
* 2 നാലക്കസംഖ്യകളുടെ സങ്കലനക്രിയ ചെയ്യുന്നതിന് വ്യത്യസ്ത വഴികൾ ഉണ്ടെന്ന് തിരിച്ചറിയുന്നു.

വിശദീകരണം

## സെപ്റ്റംബർ (Unit 4, Unit 5)

### പ്രവർത്തനങ്ങൾ

* 3 ത്രിഅക്കസംഖ്യകളുടെ സങ്കലനം.
* ഒരു നാലക്കസംഖ്യയും 2 ത്രിഅക്കസംഖ്യയും ഉൾപ്പെടുന്ന സങ്കലനം.
* ക്ലോക്ക് നിർമ്മാണം.
* സമയം മണിക്കൂറിലും മിനിറ്റിലും പറയുന്നു.
* സ്റ്റോപ്പ് വാച്ച് നോക്കി സൂക്ഷ്മവും കൃത്യവുമായ സമയം അളക്കുന്നു.

### ലക്ഷ്യങ്ങൾ

* നിത്യജീവിതത്തിൽ സമയത്തിന്റെ പ്രാധാന്യം തിരിച്ചറിയുന്നു.
* മിനിറ്റിനേക്കാൾ കുറഞ്ഞ സമയദൈർഘ്യം ഉണ്ടെന്ന് മനസിലാക്കുന്നു.
* സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നതിനുള്ള ശേഷി നേടുന്നു.

## ഒക്ടോബർ (Unit 5, Unit 6)

### പ്രവർത്തനങ്ങൾ

* കലണ്ടർ നിർമ്മാണം.
* കലണ്ടറിലെ തീയതിയുമായി ബന്ധപ്പെട്ട് പാറ്റേണുകൾ നിർമ്മിക്കുന്നു.
* തീയതികൾ, ദിവസം - മാസം - വർഷം എന്നിങ്ങനെ രേഖപ്പെടുത്തുന്നു.
* നാലക്കസംഖ്യകളെ സ്ഥാനവിലക്കനുസരിച്ച് പിരിച്ചെഴുതി വ്യവകലനക്രിയ ചെയ്യുന്നു.

### ലക്ഷ്യങ്ങൾ

* കലണ്ടറിന്റെ ആവശ്യകത തിരിച്ചറിയുന്നു.
* നിത്യജീവിതത്തിൽ വ്യവകലനക്രിയയുടെ ഉപയോഗം തിരിച്ചറിയുന്നു.

## നവംബർ (Unit 7) [Part 2]

### പ്രവർത്തനങ്ങൾ

* രണ്ടക്കസംഖ്യയെ മൂന്ന് ഒരക്കസംഖ്യയുടെ ഗുണനഫലമായി എഴുതുന്നു.
* രണ്ടക്കസംഖ്യയെ ഒരക്കസംഖ്യ കൊണ്ട് ഗുണിക്കുന്നു.
* നിത്യജീവിതത്തിലെ സന്ദർഭങ്ങളിൽ സംഖ്യകളുടെ ഗുണനക്രിയകൾ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നു. നിഗമനങ്ങൾ രൂപീകരിക്കുന്നു.

### ലക്ഷ്യങ്ങൾ

* നിത്യജീവിതത്തിൽ വിവിധ ആവശ്യങ്ങൾക്കായി ഗുണനക്രിയ ഉപയോഗിക്കുന്നു എന്ന് തിരിച്ചറിയുന്നു.
* സംഖ്യാബന്ധങ്ങളും ഗുണനബന്ധങ്ങളും കണ്ടെത്തി നിഗമനങ്ങൾ രൂപീകരിക്കുന്നു.
* ഗുണനത്തിന്റെ വ്യത്യസ്ത മാർഗങ്ങൾ തിരിച്ചറിയുന്നു.

## ഡിസംബർ (Unit 8)

### പ്രവർത്തനങ്ങൾ

* നീളം അളക്കുന്നതിനുള്ള ഉപകരണങ്ങൾ സൂക്ഷ്മതയോടെയും കൃത്യതയോടെയും കൈകാര്യം ചെയ്യുന്നു.
* സ്കെയിൽ നിർമ്മാണം.

### ലക്ഷ്യങ്ങൾ

* നീളത്തിന്റെ ഏകകങ്ങളാണ്, മില്ലിമീറ്റർ, സെന്റിമീറ്റർ, മീറ്റർ, കിലോമീറ്റർ എന്നിവ.
* നീളം അളക്കുന്നതിന് അംഗീകൃതമായ ഉപകരണങ്ങൾ

## ജനുവരി (Unit 9)

### പ്രവർത്തനങ്ങൾ

* ലളിതമായ ഹരണക്രിയകൾ മനക്കണക്കായി ചെയ്യുന്നു.
* രണ്ടക്ക സംഖ്യയെ ഒറ്റക്ക സംഖ്യ കൊണ്ടുള്ള ഹരണം.

### ലക്ഷ്യങ്ങൾ

* ഒരു നിശ്ചിത എണ്ണത്തെ തുല്യമായി വിഭജിക്കുന്നതിനും ഒരു വലിയ കൂട്ടത്തിൽ എത്ര ചെറിയ കൂട്ടങ്ങൾ ഉണ്ട് എന്ന് കണ്ടെത്തുന്നതിനും ഹരണമാണ് ഉപയോഗിക്കേണ്ടത് എന്ന തിരിച്ചറിവ്.
* ഒരു സംഖ്യയെ ഒന്ന് കൊണ്ട് ഹരിച്ചാൽ അതേ സംഖ്യ കിട്ടുമെന്നും അതേ സംഖ്യ കൊണ്ട് ഹരിച്ചാൽ ഒന്ന് കിട്ടുമെന്നും തിരിച്ചറിയുന്നു.

## ഫെബ്രുവരി (Unit 10)

### പ്രവർത്തനങ്ങൾ

* ഭാരം, ഉള്ളളവ് എന്നിവയുമായി ബന്ധപ്പെട്ട ഏകകങ്ങൾ കൃത്യമായി ഉപയോഗിക്കുന്നു.
* മില്ലിലിറ്റർ, ലിറ്റർ എന്നീ ഏകകങ്ങളുടേയും ഗ്രാം, കിലോഗ്രാം എന്നീ ഏകകങ്ങളുടേയും പരസ്പരബന്ധം തിരിച്ചറിഞ്ഞ് പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.

### ലക്ഷ്യങ്ങൾ

* ടൺ, ക്വിന്റൽ എന്നിവ വലിയ ഭാരങ്ങൾ അളക്കുന്നതിനുള്ള ഏകകം ആണെന്ന് മനസ്സിലാക്കുന്നു.

## മാർച്ച് (Unit 11)

### പ്രവർത്തനങ്ങൾ

* നിത്യജീവിതവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പട്ടികരൂപത്തിൽ അവതരിപ്പിക്കുന്നു.
* വിവരശേഖരണം
* പട്ടികനിർമ്മാണം
* ചിത്രീകരണം.

### ലക്ഷ്യങ്ങൾ

* വിവരങ്ങൾ വിശകലനം ചെയ്ത് അപഗ്രഥിച്ച് നിഗമനത്തിൽ എത്തിച്ചേരാനുള്ള കഴിവ്.

## കളിക്കാം ഗണിക്കാം.

### ലക്ഷ്യം

* ഗണിതപഠനം രസകരമാക്കൽ
* ചതുഷ്ക്രിയകൾ ലളിതമാക്കൽ

### പ്രവർത്തനം

* വിവിധതരം കളികൾ
  - പാമ്പും കോണിയും
  - കച്ചവടക്കളി

### കാലയളവ്

വർഷം മുഴുവൻ

### ചുമതല

SRG, ക്ലാസ് ടീച്ചർ

## ഒറിഗാമിയിലൂടെ പഠിക്കാം

ലക്ഷ്യം

* കര-ചലന ശേഷി വികാസം

പ്രവർത്തനം

* ഒറിഗാമി രൂപങ്ങളുടെ നിർമ്മാണം, പ്രദർശനം.

കാലയളവ്

വർഷത്തിലൊരിക്കൽ

ചുമതല

SRG, ക്ലാസ് ടീച്ചർ

## ഗണിതലാബ്

ലക്ഷ്യം

* ഗണിതപഠനം സുഗമമാക്കാൻ

പ്രവർത്തനം

* ഗണിതലാബ് ഒരുക്കൽ

കാലയളവ്

വർഷം മുഴുവൻ

ചുമതല

HM, SRG, ക്ലാസ് ടീച്ചർ

## ഗണിതച്ചുമർ

ലക്ഷ്യം

* ഗണിതരൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ

പ്രവർത്തനം

**കാലയളവ്**

വർഷം മുഴുവൻ

**ചുമതല**

ക്ലാസ് ടീച്ചർ

## ഗണിതപഠനോപകരണ ശിൽപശാല

**ലക്ഷ്യം**

* ഗണിതപഠനം രസകരമാക്കൽ

**പ്രവർത്തനം**

* പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പഠനോപകരണങ്ങളുടെ നിർമ്മാണം, പ്രദർശനം

**കാലയളവ്**

ആവശ്യാനുസരണം

**ചുമതല**

SRG, ക്ലാസ് ടീച്ചർ

## ഗണിതമേള

**ലക്ഷ്യം**

* ഗണിത ശേഷികളുടെ പ്രദർശനം

**പ്രവർത്തനം**

* പ്രശ്നോത്തരി
* പസിൽ
* പാറ്റേൺ

## കാലയളവ്

വർഷത്തിലൊന്ന്

## ചുമതല

SRG, ക്ലാസ് ടീച്ചർ.

# – അക്കാദമിക മാസ്റ്റർ പ്ലാൻ –

## – Environmental Science –

## IV

ലക്ഷ്യം :- നിരീക്ഷണം, അറിവുനിർമ്മാണം.

പ്രവർത്തനം :- പാഠഭാഗവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കൽ.

- ശാസ്ത്രമൂലയൊരുക്കൽ.

[കാലയളവ് : ആവശ്യാനുസരണം]

ലക്ഷ്യം :- ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ.

പ്രവർത്തനം :- ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ, പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ.

- ശാസ്ത്രയാത്ര നടത്തൽ

[കാലയളവ് : വർഷം മുഴുവൻ]

ലക്ഷ്യം :- ശാസ്ത്രപഠനത്തിൽ താൽപര്യം ജനിപ്പിക്കൽ, അന്വേഷണത്വര വളർത്തൽ.

പ്രവർത്തനം :- വാനനിരീക്ഷണ കേന്ദ്രം, സയൻസ് പാർക്ക് സന്ദർശനം.

- ഭൂപടമൊരുക്കൽ

[കാലയളവ് - ആവശ്യാനുസരണം]

ലക്ഷ്യം :- കേരളം - ഇന്ത്യ ഭൂപടവായന, സൂചിക പരിചയപ്പെടൽ.

പ്രവർത്തനം :- ഭൂപട വായന, ഭൂപട രചന - സൂചിക നിർമ്മാണം.

- ഭൂപടമൊരുക്കൽ.

[കാലയളവ് - വർഷത്തിലൊരിക്കൽ]

ലക്ഷ്യം :- ശാസ്ത്രപഠനം രസകരമാക്കൽ.

പ്രവർത്തനം :- ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട വാർത്തകൾ, ചിത്രങ്ങൾ എന്നിവ പ്രദർശിപ്പിക്കൽ.

- ശാസ്ത്ര വിസ്മയച്ചുമര് ഒരുക്കാം.

[കാലയളവ് - ആവശ്യാനുസരണം]

ലക്ഷ്യം :- ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം.

പ്രവർത്തനം :- പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം എന്നിവയുടെ പ്രദർശനം.

- ശാസ്ത്രോത്സവം ഒരുക്കാം.

[കാലയളവ് - ആവശ്യാനുസരണം]

ലക്ഷ്യം :- ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന.

പ്രവർത്തനം :- ശാസ്ത്രമാസികയുടെ നിർമ്മാണം.

- ശാസ്ത്രമാസിക തയ്യാറാക്കാം.

[കാലയളവ് - വർഷത്തിലൊന്ന്]

# - ACADEMIC MASTER PLAN -

## English

## IV

AIM

To speak, Read and write English without any Mistakes.

TIME :- June to March

[ To check the vocabulary and writing skills of pupils ]

JUNE and JULY :-

- Pretest
- To develop listening skills and reading skills.
- Listening skills.
  Games and Action songs.
    * TB Activities
    * Conversation
    * Story reading.
    * ICT
- Speaking skills.
  Identify the naming words from the picture.
- Make the simple sentences using the word about picture.
- Make simple descriptions about the picture.
- Growing Sentences.
  - picture reading, Self Introduction

## August and September

- Develop the Creative Speaking and writing.
- Reading skills
  - Book Reading
  - find words
  - Collect and read past tense.
  - Rhyming words.
  - TB Activities
- Writing Skills
  - Make word web
  - picture description
  - word chain
  - Make words and sentences
  - Make riddles
  - Conversations
  - Add more lines.

## October and November

- To express thoughts, feelings etc.
- Reading skills
  - Library book reading
  - Conversation
  - skit
  - Stories use ICT
  - Read notice
  - Develop Story

- Writing skills
  - Descriptions
  - Thoughts

## December and January

- Develop the creative Speaking and writing
- Reading skills
  - Library books reading
  - Conversation, skit stories use ICT
  - Develop story
  - Reads diary
- Writing Skills
  - Diary
  - Announcement.

## February and March

- To improve the presentation power.
- Reading skills
  - Library books reading
  - Conversations
  - skit stories
  - Develop story.
- Writing Skills
  - Diary
  - Description
  - Thoughts

# ജി.എം.എൽ. പി.എസ ചാപ്പനങ്ങാടി
## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

**വിഷയം : അറബിക് (LP)**

**പ്രശ്നം:** സ്വതന്ത്ര വായനക്ക് പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** അറബി ഭാഷ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളെയും പ്രസ്തുത ഭാഷയിൽ മികച്ച വായനക്കാരാക്കുക

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായിക്കാം വളരാം هيا نقرأ | നിലവാര പഠനം | ജൂൺ 12- 25 | AT | 100/- |
| | വിശകലനം | ജൂൺ 30 | AT | |
| | വായന സാമഗ്രികൾ ശേഖരിക്കൽ ( കാർഡ്, പുസ്തകങ്ങൾ എന്നിവ ) | ജൂലൈ- 15 | PTA, AC | 750/- |
| | തുടർവായന | ജൂലൈ 15 – ജനുവരി 15 | AT, AC | |
| | ആശയവിനിമയം | ആഴ്ചയിൽ | AC | |
| | വായന ഫെസ്റ്റ് | ജനുവരി 1- 10 | PTA, AC | 1500/- |

**പ്രശ്നം:** സ്വതന്ത്ര ആശയ വിനിമയത്തിന് പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** ആശയ വിനിമയ ശേഷി വർദ്ധിപ്പിക്കൽ.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിയിൽ സംസാരിക്കാം هيا نتكلم في العربية | മെറ്റീരിയൽ ശേഖരിക്കുക | ജൂലൈ 1- 30 | PTA, AC | 500/- |
| | കേൾക്കാം പറയാം | ആഗസ്റ്റ് 5- ഡിസംബർ 30 | AC | |

**പ്രശ്നം:** അറബി ഭാഷ നിഘണ്ടു ഉപയോഗിക്കാൻ പ്രയാസം നേരിടുന്നു.
**ലക്ഷ്യം:** അറബി ഭാഷ പഠിക്കുന്ന വിദ്യാർത്ഥികളെ അറബിക് ഭാഷ നിഘണ്ടു ഉപയോഗിക്കാൻ പ്രാപ്തരാക്കുന്നു.

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിക് നിഘണ്ടു പരിചയപ്പെടാം هيا نفهم معجم العربية | നിഘണ്ടു പരിചയപ്പെടൽ | ജൂൺ - ആഗസ്റ്റ് | AT | |
| | ക്രിയകൾ മനസ്സിലാക്കൽ | ജൂൺ - ആഗസ്റ്റ് | AT | |
| | എന്റെ നിഘണ്ടു | ജൂലൈ- ജനുവരി | AC | 200/- |

**പ്രശ്നം:** പദസമ്പത്തിന്റെ കുറവ്
**ലക്ഷ്യം:** പദസമ്പത്ത് വർദ്ധിപ്പിക്കൽ, അറബിക് ഭാഷയെ കൂടുതൽ അറിയൽ

| പ്രവർത്തനം | ഉപപ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പദങ്ങളെ പരിചയപ്പെടാം | പദച്ചങ്ങല നിർമ്മാണം | ജൂലൈ- ജനുവരി | AC | 100/- |

| | | | | |
|---|---|---|---|---|
| هيا نفهم الفاظ العربية | പദപയറ്റ് | ജൂലൈ | AC | 200/- |
| | പദകേളി | ജൂലൈ-<br>ആഗസ്ത് | AC | 200/- |
| അറബിക് ക്ലബ്ബ്<br>نادي اللغة العربية | ക്ലബ്ബ് രൂപീകരണം | ജൂൺ 28 | AC | |
| | ക്ലബ്ബ് പ്രവർത്തന കലണ്ടർ | ജൂലൈ | AC, CLUB Members | |
| | "അന്നശീദ്"<br>അറബിക്<br>സ്കോളർഷിപ്പ് പരീക്ഷ | ആഗസ്ത്-<br>സെപ്തംപർ | AC | 1000/- |

| | | | | |
|---|---|---|---|---|
| | അറബിക് ഡേ<br>ദിനാചരണ കാമ്പയ്ൻ | സെപ്തംപർ-<br>ഡിസംബർ | P TA, AC, CLUB | 1500/- |
| | മാഗസിൻ പ്രകാശനം | നവംബർ | AC, CLUB | 500/- |
| | ദിനാചരണങ്ങൾ | ജൂൺ-<br>ജനുവരി | AC, CLUB | |

***AC: Academic Council***
***AT: Academic Teacher***

***Plan Prepared by:***

SCHOOL RESOURCE GROUP (SRG) ARABIC
G.M.L.P.S CHAPPANANGADI